REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 25-05-2026** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **UDF ഗവൺമെന്റിന്റെ ആദ്യ ബജറ്റ്, മുഖ്യമന്ത്രി VD സതീശൻ ജൂൺ 19-ന് അവതരിപ്പിക്കും.**
- **അട്ടപ്പാടി മധു ആൾക്കൂട്ട കൊലപാതകക്കേസിൽ ഒന്നാം പ്രതിയെ വെറുതെ വിട്ട ഹൈക്കോടതി, 13 പ്രതികളുടെ ശിക്ഷ ശരിവെച്ചു.**
- **സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ആശുപത്രികളിലും മരുന്നുകൾ അടിയന്തരമായി ലഭ്യമാക്കണമെന്നും രോഗികളെ നിലത്ത് കിടത്തരുതെന്നും മന്ത്രി K മുരളീധരൻ.**
- **തെരുവു നായ്ക്കളെ ചില പ്രത്യേക സാഹചര്യങ്ങളിൽ ദയാവധത്തിന് വിധേയമാക്കാമെന്ന വിധിയ്ക്കെതിരെ നൽകിയ ഹർജി സുപ്രീംകോടതി നിരസിച്ചു.**
- **ഹജ്ജ് കർമ്മങ്ങൾക്ക് മിനായിൽ ഇന്ന് തുടക്കം.**

## വാർത്തകൾ വിശദമായി

UDF ഗവൺമെന്റിന്റെ ആദ്യ ബജറ്റ്, ധനമന്ത്രിയുടെ ചുമതലകൂടി വഹിക്കുന്ന മുഖ്യമന്ത്രി VD സതീശൻ, ജൂൺ 19-ന് അവതരിപ്പിക്കും. ബജറ്റ് മുന്നൊരുക്കങ്ങളുടെ ഭാഗമായി, മുഖ്യമന്ത്രി ധനവകുപ്പ് ഉദ്യോഗസ്ഥരുമായി തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തി. ബജറ്റിന് മുന്നോടിയായി സംസ്ഥാനത്തെ ധനസ്ഥിതി സംബന്ധിച്ച ധവളപത്രം പുറത്തിറക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചിരുന്നു. ഇതിന് സാമ്പത്തിക സ്ഥിതി സംബന്ധിച്ച യാഥാർത്ഥ്യം പരിശോധിക്കുന്നതിന്, വിദഗ്ധരുടെ സമിതിക്ക് ഗവൺമെന്റ്

രൂപം നൽകി. സംസ്ഥാനത്തിന്റെ പൊതു ധനസ്ഥിതി, പത്തുവർഷത്തിനിടയിലെ കടബാധ്യത, നികുതിപിരിവിലെ പരിമിതി, ധനമാനേജ്മെന്റിലെ പോരായ്മ എന്നിവ പരിശോധിക്കുന്ന സമിതിയുടെ റിപ്പോർട്ടിന് ശേഷമാവും ധവളപത്രം പുറത്തിറക്കുക.

✪✪✪

അട്ടപ്പാടി മധു ആൾക്കൂട്ട കൊലപാതകക്കേസിൽ ഒന്നാം പ്രതി മേച്ചേരിൽ ഹുസൈനെ തെളിവുകളുടെ അഭാവത്തിൽ ഹൈക്കോടതി വെറുതെ വിട്ടു. ശിക്ഷാവിധി ചോദ്യം ചെയ്ത് മറ്റ് പ്രതികൾ നൽകിയ അപ്പീൽ, കോടതി തള്ളി. 16 പ്രതികളിൽ 13 പ്രതികളുടെ ശിക്ഷ ഹൈക്കോടതി ശരിവെച്ചു. സ്ഥലത്തുണ്ടായിരുന്നുവെന്നും എന്നാൽ മധുവിനെ ഉപദ്രവിച്ചിട്ടില്ലെന്നും ഹുസൈൻ വാദിച്ചു.

ശിക്ഷ വർധിപ്പിക്കണമെന്നും പ്രതികൾ പുറത്തിറങ്ങുന്നത് ജീവന് ഭീഷണിയാണെന്നും കാണിച്ച് മധുവിന്റെ കുടുംബം നൽകിയ അപ്പീൽ അല്പസമയത്തിനകം കോടതി പരിഗണിക്കും.

2018 ഫെബ്രുവരി 22 ന് അട്ടപ്പാടി ചിണ്ടക്കി ഊരിലെ മാനസിക വെല്ലുവിളി നേരിടുന്ന മധു എന്ന യുവാവിനെ ഭക്ഷണ സാധനങ്ങൾ മോഷ്ടിച്ചു എന്നാരോപിച്ച് ഒരുകൂട്ടം ആളുകൾ കാട്ടിൽ നിന്ന് പിടികൂടുകയായിരുന്നു. മധുവിനെ ക്രൂരമായി മർദിക്കുകയും, മരത്തിൽ കെട്ടിയിട്ട് ദൃശ്യങ്ങൾ പകർത്തുകയും ചെയ്തു.

ഒന്നാം പ്രതി ഹുസൈന്റെ ശിക്ഷ നടപ്പാക്കുന്നത് തടഞ്ഞ ഹൈക്കോടതി, നേരത്തെ ജാമ്യം അനുവദിച്ചിരുന്നു. മധുവിനെ കാട്ടിൽ നിന്ന് പിടിച്ചുകൊണ്ടുവന്ന സംഘത്തിൽ ഹുസൈൻ ഉണ്ടായിരുന്നില്ല എന്ന വാദം കോടതി സ്വീകരിക്കുകയായിരുന്നു.

✪✪✪

സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ആശുപത്രികളിലും മരുന്നുകൾ അടിയന്തരമായി ലഭ്യമാക്കണമെന്നും രോഗികളെ നിലത്ത് കിടത്തരുതെന്നും നിർദ്ദേശം നൽകിയതായി മന്ത്രി K മുരളീധരൻ തിരുവനന്തപുരത്ത് മീറ്റ് ദ പ്രസ്സിൽ അറിയിച്ചു. ആവശ്യമായ മരുന്നുകൾ ആശുപത്രികളിൽ കരുതി വയ്ക്കണം. ശസ്ത്രക്രിയകളിൽ ഡോക്ടർമാർ കർശന സർജിക്കൽ പ്രോട്ടോകോൾ പാലിക്കണമെന്നും നിർദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യം ഉറപ്പാക്കി, മെഡിക്കൽ കോളേജുകളിലേക്ക് രോഗികളെ റഫർ ചെയ്യുന്നത് കുറയ്ക്കുമെന്നും മുരളീധരൻ അറിയിച്ചു.

✪✪✪

ഈ വർഷത്തെ പത്മ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു, വൈകിട്ട് ന്യൂഡൽഹിയിൽ സമ്മാനിക്കും. ആദ്യഘട്ടത്തിൽ 66 പത്മാ പുരസ്കാരങ്ങളാണ് ഇന്ന് രാഷ്ട്രപതി ഭവനിൽ സമ്മാനിക്കുന്നത്. ശേഷിക്കുന്ന 65 പേർക്ക് പുരസ്കാരങ്ങൾ പിന്നീട് സമർപ്പിക്കും. പുരസ്കാരദാന ചടങ്ങിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തരമന്ത്രി അമിത്ഷാ അടക്കം കേന്ദ്രമന്ത്രിമാരുടെയും പ്രമുഖരുടെയും സാന്നിധ്യത്തിലായിരിക്കും പുരസ്കാര വിതരണം. രണ്ട് പത്മവിഭൂഷണും, ആറ് പത്മഭൂഷണും, 58 പത്മശ്രീയും ഇന്ന് സമ്മാനിക്കും.

✪✪✪

ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗം നാളെ ന്യൂഡൽഹിയിൽ ചേരും. വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കറിന്റെ ക്ഷണപ്രകാരം ഓസ്ട്രേലിയ, ജപ്പാൻ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരും, അമേരിക്കൻ വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോയും യോഗത്തിൽ പങ്കെടുക്കും. കഴിഞ്ഞ ജൂലൈയിൽ, വാഷിംഗ്ടൺ DC യിൽ നടത്തിയ ചർച്ചകളുടെ തുടർച്ചയായാണ് യോഗം.

സമ്മേളനത്തിൽ പങ്കെടുക്കാൻ ഓസ്ട്രേലിയൽ വിദേശകാര്യമന്ത്രി പെന്നി വോങ് ഇന്ന് ന്യൂഡൽഹിയിലെത്തും. ആഗോള അനിശ്ചിതത്വത്തിനിടയിൽ, ക്വാഡ് യോഗം സുപ്രധാനമാണെന്ന് ഇന്ത്യാ സന്ദർശനത്തിന് മുന്നോടിയായി പുറത്തിറക്കിയ ഔദ്യോഗിക വാർത്താകുറിപ്പിൽ പെന്നി വോങ് അറിയിച്ചു.

✪✪✪

ഏകീകൃത സിവിൽക്കോഡിന്റെ പരിധിയിൽ നിന്ന് ഗോത്രസമുദായങ്ങളെ ഒഴിവാക്കാൻ കേന്ദ്രം പ്രത്യേക വ്യവസ്ഥകൾ തയ്യാറാക്കിയിട്ടുണ്ടെന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ അറിയിച്ചു. ഗോത്ര വിഭാഗങ്ങളുടെ അവകാശങ്ങൾ പൂർണമായി സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയാണ് നടപടിയെന്ന് ന്യൂഡൽഹിയിൽ 'ജൻജാതി സാൻസ്കൃതിക് സമാഗ'-ത്തെ അഭിസംബോധന ചെയ്യവെ അമിത്ഷാ വ്യക്തമാക്കി. ഗോത്രസമുദായങ്ങളാണ് വനഭൂമിയുടെ യഥാർത്ഥ ഉടമകളെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. നരേന്ദ്രമോദി ഗവൺമെന്റ് ഗോത്ര ക്ഷേമപദ്ധതികൾക്ക് ഒരുലക്ഷത്തി 50,000 കോടി രൂപ മാറ്റിവെച്ചിട്ടുണ്ടെന്നും അമിത്ഷാ പറഞ്ഞു.

✪✪✪

തെരുവു നായ്ക്കളെ ചില പ്രത്യേക സാഹചര്യങ്ങളിൽ ദയാവധത്തിന് വിധേയമാക്കാമെന്ന വിധിയ്ക്കെതിരെ നൽകിയ ഹർജി സുപ്രീംകോടതി നിരസിച്ചു. Animals are people too എന്ന NGO യുടെ ഹർജിയാണ് സുപ്രീംകോടതി ഡിവിഷൻബെഞ്ച് സ്വീകരിക്കാൻ വിസമ്മതിച്ചത്. ജസ്റ്റിസുമാരായ വിക്രംനാഥും, സന്ദീപ്മേത്തയും ഹർജിക്കാരോട് പഞ്ചാബ്, ഹരിയാന ഹൈക്കോടതിയെ സമീപിക്കാൻ നിർദ്ദേശിച്ചു. സുപ്രിംകോടതി വിധി, തെരുവു നായ്ക്കളെ വിവേചന രഹിതമായി കൊല്ലാൻ ഇടവരുത്തുമെന്നായിരുന്നു ഹർജിക്കാരുടെ വാദം.

✪✪✪

CBSE പന്ത്രണ്ടാം ക്ലാസ് പരീക്ഷാ ഉത്തരക്കടലാസിന്റെ സ്കാൻ ചെയ്ത പകർപ്പ് ലഭിക്കാൻ അപേക്ഷ ഇന്ന് കൂടി നൽകാം. അപേക്ഷ നൽകാൻ വിദ്യാർത്ഥികൾക്ക് മതിയായ സമയം ലഭിക്കാനാണ് ഇന്ന് അർദ്ധരാത്രി വരെ സമയം നീട്ടി നൽകിയതെന്ന് CBSE അറിയിച്ചു. ഉത്തരക്കടലാസുകളുടെ പകർപ്പ് ലഭിച്ച ശേഷം പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കാൻ വിദ്യാർത്ഥികൾക്ക് രണ്ട് ദിവസത്തെ സമയവും നൽകിയിട്ടുണ്ട്.

CBSE പന്ത്രണ്ടാം ക്ലാസ് പരീക്ഷയുടെ മൂല്യനിർണയം നടത്തിയ ഉത്തരക്കടലാസുകളുടെ പകർപ്പുകൾ ലഭിക്കാൻ അധിക തുക നൽകേണ്ടി വന്നവർക്ക് പണം മടക്കി നൽകും. ഈ മാസം 21, 22 തീയതികളിൽ ഉണ്ടായ സാങ്കേതിക പ്രശ്നങ്ങൾ കാരണമാണ് ചില വിദ്യാർഥികളിൽനിന്നും ഫീസ് തെറ്റായി ഈടാക്കിയതെന്ന് CBSE അറിയിച്ചു.

✪✪✪

ഈ മാസം 28-ന് നടത്താനിരുന്ന സർവകലാശാല ബിരുദ പൊതു പ്രവേശന പരീക്ഷ - CUET-UG മാറ്റിവെച്ചതായി ദേശീയ ടെസ്റ്റിംഗ് ഏജൻസി അറിയിച്ചു. 28 ന് ബലിപെരുന്നാൾ ആയതിനാലാണ് മാറ്റം. പുതിയ തിയതി വൈകാതെ അറിയിക്കുമെന്ന് NTA കേന്ദ്രങ്ങൾ പറഞ്ഞു.

✪✪✪

രണ്ടാഴ്ചയ്ക്കിടെ നാലാം തവണയും രാജ്യത്ത് പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിച്ചു. പെട്രോൾ ലിറ്ററിന് രണ്ട് രൂപ 61 പൈസയും, ഡീസലിന് രണ്ട് രൂപ 71 പൈസയുമാണ് വർദ്ധിച്ചത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത് ഈ മാസം 31-ന്. പരിപാടിയിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ, നമോ ആപ്പ്, My gov ഓപ്പൺ ഫോറം എന്നിവ വഴിയോ  ഈ മാസം 29 വരെ സമർപ്പിക്കാം.

✪✪✪

ഹജ്ജ് കർമ്മങ്ങൾക്ക് ഇന്ന് മിനായിൽ തുടക്കമാകും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ ലക്ഷക്കണക്കിന് തീർത്ഥാടകർ ഇന്നലെ വൈകീട്ട് മുതൽ പുണ്യ നഗരിയായ മിനായിലേക്ക് യാത്ര ആരംഭിച്ചു. പ്രാദേശിക സമയം ഉച്ചയ്ക്ക് 12 ന് മുമ്പ് മുഴുവൻ തീർത്ഥാടകരും മിനായിലെ കൂടാരങ്ങളിൽ താമസിക്കുന്നതോടെ ഹജ്ജിന് ഔപചാരിക തുടക്കമാകും.

നാളെ  പുലർച്ചെ വരെ തീർത്ഥാടകർ കൂടാരങ്ങളിലാണ് കഴിയുന്നത്. ഹജ്ജ് കർമ്മത്തിലെ സുപ്രധാന ചടങ്ങായ അറഫാ സംഗമത്തിന്, നാളെ പുലർച്ചെയോടെ തീർത്ഥാടകർ  മൈതാനിയിലേക്ക്  നീങ്ങും.

✪✪✪

ബലിപ്പെരുന്നാളിനോട് അനുബന്ധിച്ച സപ്ലൈകോ പെരുന്നാൾ  കിറ്റുകൾ നാളെക്കൂടി വില്പനശാലകളിൽ ലഭ്യമാകുമെന്ന് സിവിൽ സപ്ലൈസ് വകുപ്പ് അറിയിച്ചു. പത്ത്, സാധനങ്ങളടങ്ങിയ 1,101 രൂപയുടെ കിറ്റ് 850 രൂപയ്ക്കാണ് നൽകുന്നത്.

✪✪✪

ചലച്ചിത്ര താരം മമ്മൂട്ടിക്ക്, മഹാത്മാ ഗാന്ധി സർവകലാശാല ഓണററി ഡോക്ടറേറ്റ് സമ്മാനിച്ചു. സർവകലാശാല സംഘടിപ്പിച്ച പ്രത്യേക ബിരുദദാന ചടങ്ങിൽ ചാൻസലർ കൂടിയായ ഗവർണറാണ് ബഹുമതി സമ്മാനിച്ചത്.

ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി M ജോണും, ചടങ്ങിൽ  പങ്കെടുത്തു. നാഗസ്വര മാന്ത്രികൻ തിരുവിഴ ജയശങ്കറിനും ചടങ്ങിൽ ഓണററി ഡോക്ടറേറ്റ് സമ്മാനിച്ചു.

✪✪✪

രണ്ടാം വർഷ ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി പരീക്ഷാ ഫലം നാളെ ഉച്ചകഴിഞ്ഞ് മൂന്നിന് പൊതുവിദ്യാഭ്യാസ മന്ത്രി N ഷംസുദ്ദീൻ പ്രഖ്യാപിക്കും. ഔദ്യോഗിക വെബ്സൈറ്റുകളിൽ ഫലം ലഭ്യമാകും.

പുതിയ അധ്യയന വർഷത്തെ പ്ലസ് വൺ അപേക്ഷാ സമർപ്പണം ഇന്ന് ആരംഭിക്കും. ഓൺലൈൻ വഴിയാണ് അപേക്ഷിക്കേണ്ടത്.

✪✪✪

സംസ്ഥാനത്ത് വ്യാഴാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത മുൻനിർത്തി 9 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി. തിരുവനന്തപുരം, കൊല്ലം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ഒഴികെ ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

കേരളത്തിൽ BJP നേതൃത്വം നൽകുന്ന മൂന്നാം ബദലിന് ജനങ്ങൾ അംഗീകാരം നൽകിത്തുടങ്ങിയെന്നും ഈ മുന്നേറ്റത്തെ ഇനിയാർക്കും തടഞ്ഞു നിർത്താനാവില്ലെന്നും BJP സംസ്ഥാന സെൽ കോർഡിനേറ്റർ VK സജീവൻ പറഞ്ഞു. BJP കണ്ണൂർ നോർത്ത് ജില്ലാ നേതൃയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അഞ്ച് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് വിജയം നരേന്ദ്രമോദിയുടെ വികസന രാഷ്ട്രീയത്തിന് ലഭിച്ച അംഗീകാരമാണെന്നും അദ്ദേഹം പറഞ്ഞു.

ആഗോള പ്രതിസന്ധികൾ മറികടക്കാൻ നിയന്ത്രണങ്ങൾ കൊണ്ടുവരുമ്പോൾ രാഷ്ട്രീയം കളിക്കരുതെന്നും പ്രതിസന്ധിയിലെ ഒരുമയാണ് രാജ്യത്തിന്റെ കരുത്തെന്നും സജീവൻ പറഞ്ഞു.

✪✪✪

തിരുവനന്തപുരത്ത് സംഘടിപ്പിച്ച ആറു ദിവസത്തെ സ്റ്റുഡന്റ് പോലിസ് കേഡറ്റ് ക്യാമ്പ് "ഐക്യ 2026" വൈകിട്ട് സമാപിക്കും. തിരുവനന്തപുരം വെങ്ങാനൂർ VPS മലങ്കര ഹയർ സെക്കൻഡറി സ്കൂളിലെ SPC പരേഡിൽ, ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല അഭിവാദ്യം സ്വീകരിക്കും. 939 കേഡറ്റുകളാണ് ക്യാമ്പിൽ പങ്കെടുത്തത്. സംസ്ഥാന പൊലീസ് മേധാവിയടക്കം മുതിർന്ന പൊലീസ് ഉദ്യോഗസ്ഥരും സമാപന ചടങ്ങിൽ പങ്കെടുക്കും.

✪✪✪

കോഴിക്കോട് ജില്ലാ കലക്ടറായി MS മാധവിക്കുട്ടി ചുമതലയേറ്റു. സ്ഥാനമൊഴിഞ്ഞ കലക്ടർ സ്നേഹിൽ കുമാർ സിങ്, പുതിയ കലക്ടറെ ഉപഹാരം നൽകി സ്വീകരിച്ചു.

✪✪✪

ഇന്ന് ലോക ഫുട്ബോൾ ദിനം. കായിക രംഗത്തിന്റെ ആഗോള വ്യാപ്തിയെ ആദരിക്കാനും, സ്പോർട്സിലൂടെ സമാധാനം, വികസനം, സ്ത്രീകളുടെയും പെൺകുട്ടികളുടെയും ശാക്തീകരണം, സുസ്ഥിര വികസന ലക്ഷ്യങ്ങൾ എന്നിവയ്ക്ക് ആഗോള പിന്തുണ വളർത്തിയെടുക്കാനുമാണ് ഐക്യരാഷ്ട്ര സംഘടന മെയ് 25 ന് ദിനാചരണം സംഘടിപ്പിക്കുന്നത്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: സബിത കെ*
*News team : അനിൽ ചന്ദ്രൻ, അനുഷ ആത്മപ്രകാശ്*
*DEO: ഷീബ*